ഭരണഭാഷ മാതൃഭാഷ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം-14
ഇ-മെയിൽ- dhsescholarships@gmail.com
ഫോൺ: 0471-2580738

എച്ച് എസ് ഇ/9410/2024-എ സി ഡി എസ് പി എൽ1 തീയതി:30-08-2024

# സർക്കുലർ

വിഷയം: പൊ.വി.വ – ഹ.സെ.വി – 2024-2025 വർഷത്തെ ബി പി എൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ഒന്നാം വർഷ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത്-സംബന്ധിച്ച്

ഗവൺമെൻറ്/എയ്ഡഡ് ഹയർ സെക്കൻററി സ്കൂളുകളിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗക്കാരായ വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകുന്നതിനായി 5000 രൂപ വീതമുള്ള മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് ഫോർ ബി.പി.എൽ. സ്റ്റുഡൻസ് എന്ന പദ്ധതി 2007-08 മുതൽ നടപ്പിലുള്ളതാകുന്നു. പ്ലസ് വൺ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് സ്കൂൾതല കമ്മിറ്റി പരിശോധിച്ച് മെറിറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നവർക്കാണ് സ്കോളർഷിപ്പ് നൽകിവരുന്നത്. പ്ലസ് വണ്ണിൽ സ്കോളർഷിപ്പ് യോഗ്യത നേടുന്നവർക്ക് പ്ലസ്ടുവിലും സ്കോളർഷിപ്പിന് അർഹതയുള്ളതാണ് (മാനദണ്ഡങ്ങൾ പാലിയ്ക്കുന്ന പക്ഷം മാത്രം) മൂന്ന് വിഭാഗങ്ങളിലായാണ് പ്രസ്തുത സ്കോളർഷിപ്പ് നൽകി വരുന്നത്.

ജനറൽ കാറ്റഗറി :

ബി.പി.എൽ. വിഭാഗക്കാരായ വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന മൊത്തം അപേക്ഷകളിൽ നിന്നും എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ പരീക്ഷയിലെ ഗ്രേഡ്/മാർക്കുകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു.സംസ്ഥാന സർക്കാറിന്റെ മെറിറ്റ് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ ബിപിഎൽ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ പാടില്ല.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം:

ജനറൽ കാറ്റഗറി തെരഞ്ഞെടുപ്പ് പൂർത്തിയായശേഷം ബാക്കിയാകുന്ന അപേക്ഷകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷകൾ ഓൺലൈനായി ജില്ലാപഞ്ചായത്ത് തലത്തിലുള്ള തെരഞ്ഞെടുപ്പ്

കമ്മിറ്റിക്ക് ലഭ്യമാക്കുന്നു. പ്രസ്തുത കമ്മിറ്റികൾ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി തുക ട്രഷറി അലോട്ട്മെൻറായി അതത് സ്കൂൾ പ്രിൻസിപ്പാൾമാർക്ക് ലഭ്യമാക്കുന്നു. തുടർന്ന് പ്രിൻസിപ്പാൾമാർ അർഹരായ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് ട്രഷറിയിൽ നിന്നും നേരിട്ട് അക്കൗണ്ട് ട്രാൻസ്ഫറായി സ്കോളർഷിപ്പ് തുക നൽകുന്നു.മറ്റ് സ്കോളർഷിപ്പുകളും ഗ്രാന്റുകളും ലഭിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളും ഈ സ്കോളർഷിപ്പിന് അർഹരാണ്.

ആർട്സ്/സ്പോർട്സ്/ഭിന്നശേഷി വിഭാഗക്കാർ:

ദേശിയ തലത്തിലോ, സംസ്ഥാനതലത്തിലോ കലാകായിക മത്സരങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ളവരിൽ നിന്നും, ഭിന്നശേഷി വിഭാഗക്കാരിൽ (40% ത്തിൽ കുറയാത്ത ) നിന്നും സംസ്ഥാനതല കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. പ്രസ്തുത കമ്മിറ്റികൾ തെരഞ്ഞെടുത്തു നൽകുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി തുക ട്രഷറി അലോട്ട്മെൻറായി അതത് സ്കൂൾ പ്രിൻസിപ്പാൾമാർക്ക് ലഭ്യമാക്കുന്നു. തുടർന്ന് പ്രിൻസിപ്പാൾമാർ അർഹരായ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് ട്രഷറിയിൽ നിന്നും നേരിട്ട് അക്കൗണ്ട് ട്രാൻസ്ഫറായി സ്കോളർഷിപ്പ് തുക നൽക്കുന്നു.

അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം :

നടപടി ക്രമങ്ങളിലേക്ക് കടക്കുന്നതിന് മുമ്പ് സർക്കുലർ പൂർണ്ണമായും വായിച്ച് മനസ്സിലാക്കേണ്ടതാണ്.

വിദ്യാർത്ഥി ഇതോടൊപ്പമുള്ള അപേക്ഷാഫോറത്തിൽ വിദ്യാർത്ഥിയുടെയും, രക്ഷാകർത്താവിന്റെയും ഒപ്പോടുകൂടിയ അപേക്ഷ താഴെപ്പറയുന്ന അനുബന്ധ രേഖകളോടുകൂടി സമർപ്പിക്കേണ്ടതാണ്.

1)ബിപിഎൽ ആണെന്ന് തെളിയിക്കുന്ന രേഖയുടെ അറ്റസ്റ്റഡ് കോപ്പി

2)കുട്ടിയുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് തുറക്കുകയും (ജോയിന്റ് അക്കൗണ്ട് അനുവദനീയമല്ല) ആയതിന്റെ അക്കൗണ്ട് ഡീറ്റയിൽസ് പേജിന്റെ അറ്റസ്റ്റഡ് കോപ്പി

3)എസ് എസ് എൽ സി സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റഡ് കോപ്പി

4)ആർട്സ്/സ്പോർട്സ്/ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ (40% കുറയാത്ത) അറ്റസ്റ്റഡ് കോപ്പി

5)ആധാർ സെൽഫ് അറ്റസ്റ്റഡ് കോപ്പി

സ്കൂളുകളിൽ അനുബന്ധ രേഖകൾ സഹിതം അപേക്ഷശേഖരിച്ച് പ്രത്യേകം ഫയലായി സൂക്ഷിക്കണം. (ചുരുങ്ങിയത് മൂന്നു വർഷമെങ്കിലും പ്രസ്തുത രേഖകൾ ഓഫീസ് റെക്കോർഡായി സൂക്ഷിച്ചിരിക്കണം.) സ്കൂൾതല സെലക്ഷൻ കമ്മിറ്റി കൂടി തെരെഞ്ഞെടുത്ത അപേക്ഷകളിലെ വിശദാംശങ്ങൾ താഴെ സൂചിപ്പിച്ച

പോർട്ടലിൽ നൽകേണ്ടതാണ്.

| | |
|---|---|
| പോർട്ടൽ | **www.scholarship.dhse.kerala.gov.in** |
| യൂസർ നെയിം,<br>പാസ് വേർഡ് | **HSCAP Admission Username and Password** |
| അപേക്ഷാ സമർപ്പണം,<br>പരിശോധന,<br>സ്കൂൾ തല സെലക്ഷൻ കമ്മിറ്റി യോഗം | **02/09/2024 - 26/09/2024** (അപേക്ഷാ സമർപ്പണത്തിനായി 10 ദിവസം അനുവദിച്ചിരിക്കണം) |
| ഡാറ്റാ എൻട്രി ലിങ്ക് ഓപ്പൺ | **27/09/2024 - 10/10/2024** |
| ആർട്സ്/സ്പോർട്സ്/ഭിന്നശേഷി ഹാർഡ് കോപ്പി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ട അവസാന തീയ്യതി | **24/10/2024** വരെ |

പോർട്ടലിലെ സ്കൂൾ ലോഗിനിൽ, ഹയർ സെക്കൻഡറി അഡ്മിഷൻ പോർട്ടലായ HSCAP-ലെ അഡ്മിഷൻ യൂസറിന്റെ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് പ്രിൻസിപ്പാൾമാർക്ക് ലോഗിൻ ചെയ്യാവുന്നതാണ്.

സ്കോളർഷിപ്പ് പോർട്ടൽ, അഡ്മിഷൻ പോർട്ടലുമായി ബന്ധപ്പെടുത്തിയിട്ടുള്ളതാകയാൽ അപേക്ഷകളിലെ ഏതാനും വിശദാംശങ്ങൾ മാത്രമേ ഡാറ്റാ എൻട്രി ചെയ്യേണ്ടതായിട്ടുള്ളൂ.

*സ്കോളർഷിപ്പ് അപേക്ഷകളിലെ വിശദാംശങ്ങൾ കൃത്യമായി പരിശോധിച്ചതിനുശേഷം ശ്രദ്ധാപൂർവ്വം പോർട്ടലിൽ അപ്ലോഡ് ചെയ്യുക.*

<u>പ്രത്യേകം ശ്രദ്ധിക്കേണ്ടത്:</u>

- എല്ലാ ഗവ:/എയ്ഡഡ് സ്കൂളുകളിലെയും ബി.പി.എൽ വിഭാഗക്കാരായ എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് സംബന്ധിച്ച അറിയിപ്പു (സർക്കുലർ പ്രസിദ്ധീകരിച്ച തീയ്യതി മുതൽ 2 ദിവസത്തിനകം) നൽകണം.
- വിദ്യാർത്ഥികൾക്ക് അപേക്ഷകൾ പൂരിപ്പിച്ച് നൽകുവാൻ അറിയിപ്പു നൽകിയ തീയ്യതി മുതൽ 10 ദിവസം വരെ സമയം അനുവദിക്കണം.
- ഇതോടൊപ്പമുള്ള മാതൃകയിൽ തന്നെ അപേക്ഷ ക്ഷണിക്കണം. അനുബന്ധ രേഖകൾ (ബി.പി.എൽ ആണെന്നു തെളിയിക്കുന്ന രേഖ,

ആർട്‌ഡ്/സ്പോർട്‌സ്/ഐ.ഇ.ഡി (40 ത്തിൽ കുറയാത്ത അംഗവൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ) അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ സമർപ്പിച്ചിരിക്കണം.ഭിന്നശേഷി വിദ്യാർത്ഥികൾ അംഗീകൃത മെഡിക്കൽ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ തന്നെ ഹാജരാക്കണം.

- സ്വന്തമായി അക്കൗണ്ട് ഇല്ലാത്ത വിദ്യാർത്ഥികൾ നാഷണലൈസ്ഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് തുറക്കേണ്ടതാണ്.

<u>സ്കൂൾതല സെലക്ഷൻ കമ്മിറ്റി:</u>

വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്യുന്നതിനു മുമ്പായി അപേക്ഷിക്കുന്നതിനുള്ള അർഹത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും സ്കൂൾ തലത്തിലുള്ള സ്കോളർഷിപ്പ് പരാതി പരിശോധനകൾക്കുമായി രൂപം കൊടുക്കുന്ന കമ്മിറ്റി.

<u>കമ്മിറ്റിയംഗങ്ങൾ</u>

1. **Principal (Chairperson)**
2. **P.T.A President**
3. **Head Master/Head Mistress of the High School**
4. **Staff Secretary**

**One representative from among the teachers elected by the Staff Council. One of the members of the committee shall be a woman**

- എല്ലാ യോഗനടപടികളും മിനിട്ടു ചെയ്ത് സ്കൂളിൽ സൂക്ഷിച്ചിരിക്കണം.
- അപേക്ഷകൾ പൂർണ്ണമാണെന്ന് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷമേ ഡാറ്റാ എൻട്രിക്കായി അപേക്ഷകൾ കൈമാറാൻ പാടുള്ളൂ.
- ഡാറ്റാ എൻട്രിക്കായി **27/09/2024** മുതൽ **10/10/2024** വരെ ലിങ്ക് ഓപ്പൺ ചെയ്യുന്നതാണ്,അതിനു മുൻപ് തന്നെ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് പരിശോധിച്ച് കമ്മിറ്റി കൂടി തെരെഞ്ഞെടുക്കേണ്ടതാണ്. ആയതിലേക്കായി **02/09/2024** മുതൽ **26/09/2024** വരെ സമയം അനുവദിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് നടപടികൾ സുഗമമായും കാര്യക്ഷമമായും നടത്തേണ്ടതിനാൽ സമയപരിധി കൃത്യമായി പാലിക്കേണ്ടതാണെന്നും വീണ്ടും സമയം അനുവദിക്കുന്നതല്ല എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- അപേക്ഷകൾ കിട്ടുന്നമുറയ്ക്കു തന്നെ രേഖകൾ പരിശോധിച്ച് സ്കൂൾതല സെലക്ഷൻ കമ്മിറ്റിക്ക് കൈമാറേണ്ടതാണ്. അനുയോജ്യമായ ഒരു ദിവസം കമ്മിറ്റി കൂടി പരിശോധിച്ച് തെരെഞ്ഞെടുത്ത അപേക്ഷകൾ എത്രയും പെട്ടെന്ന് ഡാറ്റ എൻട്രി നടത്തുന്ന പക്ഷം അവസാന ദിവസത്തെ

തിരക്കുകൾ ഒഴിവാക്കാവുന്നതാണ്. ഓൺലൈനായല്ലാതെയുള്ള അപേക്ഷകൾ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതല്ല.

- ജനറൽ, എസ്.സി/എസ്.ടി, ആർട്സ്/സ്പോർട്സ്/ഭിന്നശേഷി എന്നീ മൂന്ന് കാറ്റഗറിയിലേയ്ക്കുമായി ഒറ്റത്തവണമാത്രം ഡാറ്റ എൻട്രി ചെയ്താൽ മതി.

*ബിപിഎൽ സ്കോളർഷിപ്പ് സംബന്ധിച്ച എല്ലാ നിർദേശങ്ങളും സർക്കുലറായി dhsekerala (Academic) portal ൽ പ്രസിദ്ധീകരിക്കുന്നതാണ്.* **ആയത് പരിശോധിച്ച് സമയബന്ധിതമായും കൃത്യമായും സ്കോളർഷിപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടത് അതത് പ്രിൻസിപ്പൽമാരുടെ ചുമതലയാണ്. സ്കോളർഷിപ്പിന്റെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനായി ഒരധ്യാപകനെ ചുമതലപ്പെടുത്താവുന്നതുമാണ്.**

| ആർട്സ്/സ്പോർട്സ്/ഭിന്നശേഷി വിഭാഗ അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ |
|---|

1)വിദ്യാർത്ഥികൾ നൽകുന്ന അപേക്ഷ,അനുബന്ധ രേഖകൾ സ്കൂളുകളിൽ സൂക്ഷിക്കേണ്ടതാണ്.ഈ വർഷം ഡിജിറ്റലായും,ഹാർഡ് കോപ്പിയായും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2)<u>ഡിജിറ്റൽ കോപ്പി</u>

- ആർട്സ്/സ്പോർട്സ്/ഭിന്നശേഷി വിഭാഗക്കാരുടെ ഓൺലൈൻ അപേക്ഷയുടെ പി ഡി എഫും ,അവരുടെ സർട്ടിഫിക്കറ്റിന്റെ പിഡിഎഫും (മറ്റ് അനുബന്ധ രേഖകൾ ആവശ്യമില്ല) പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ആർട്സ്/സ്പോർട്സ് ഗ്രൂപ്പ് ഇനത്തിൽ മത്സരി ച്ച് യോഗ്യത നേടിയവരുടെ സർട്ടിഫിക്കറ്റുകളുടെ സോഫ്റ്റ് കോപ്പി എല്ലാം ചേർത്ത് ഒറ്റ പി ഡി എഫ് ആയി അപ് ലോഡ് ചെയ്യേണ്ടതും അണ്.

3)<u>ഹാർഡ് കോപ്പി</u>

- ആർട്സ്/സ്പോർട്സ്/ഭിന്നശേഷി വിഭാഗക്കാരുടെ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് , അപേക്ഷകരുടെ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റഡ് കോപ്പി, ബി പി എൽ ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റഡ് കോപ്പി എന്നിവ (മറ്റ് രേഖകൾ ആവശ്യമില്ല) പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കൻററി വിഭാഗത്തിൽ 24/10/2024 തിയ്യതിക്കകം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഓൺലൈനായി ലഭിച്ച അപേക്ഷ നിരസിക്കപ്പെടുന്നതാണ്.
- <u>ഒരു സ്കൂളിൽ നിന്ന് തന്നെ ആർട്സ്/സ്പോർട്സ്/ഭിന്നശേഷി എന്നിവയിൽ ഒന്നിലധികം വിഭാഗങ്ങളിലായി അപേക്ഷകർ ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിനും പ്രത്യേകം കവറിംഗ് ലെറ്ററോട് കൂടി തന്നെ അയക്കേണ്ടതാണ്.</u>

4)മറ്റൊരു വിഭാഗത്തിലെയും അപേക്ഷകളുടെ ഹാർഡ് കോപ്പി അയക്കേണ്ടതില്ല.

ഹയർ സെക്കണ്ടറി ഔദ്യോഗിക പോർട്ടലിൽ(dhse kerala,academic) പ്രസിദ്ധീകരിക്കുന്ന സർക്കുലറുകളിൽ നിർദേശിക്കും പ്രകാരം ബിപി എൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് അപേക്ഷാസമർപ്പണം, തുക വിതരണം, യൂട്ടിലൈസേഷൻ സമർപ്പണം എന്നിവ കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കേണ്ടതാണ്.

Signed by R Sureshkumar
Date: 30-08-2024 15:26:45

ജോയിന്റ് ഡയറക്ടർ (അക്കാദമിക്)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി)

# ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി ഫാറം

## (അപേക്ഷകരായ വിദ്യാർത്ഥികൾ പൂരിപ്പിച്ച് നൽകേണ്ടവ)

കുറിപ്പ് :ഈ സ്കോളർഷിപ്പ് പദ്ധതി ബി.പി.എൽ (ദാരിദ്ര്യരേഖയ്ക്കുതാഴെ) വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രമുള്ളതായതിനാല് അത്തരം വിദ്യാർത്ഥികള് മാത്രം അപേക്ഷിച്ചാല് മതി

1. വിദ്യാർത്ഥിയുടെ പേര് :

2. ക്ലാസ്സ്: ഗ്രൂപ്പ് : ☐ സയൻസ്: ☐ ഹ്യുമാനിറ്റീസ്: ☐ കോമേഴ്സ്: ☐

3. (എ) ഏകജാലക ആപ്ലിക്കേഷൻ നമ്പർ : (ബി) അഡ്മിഷൻ നമ്പർ:

4. ജനനതീയതി :

5. രക്ഷകർത്താവിൻറെ പേര് :

6. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായവിവരങ്ങൾ
   (എ) രജിസ്റ്റർ നമ്പർ: (ബി) വർഷം :
   (സി) ഗ്രേഡുകൾ :

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| പേപ്പർ | | | | | | | | | | |
| ഗ്രേഡ് | | | | | | | | | | |

7. താങ്കൾ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നുവെന്നതിന്റെ സാക്ഷ്യപത്രത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ ?
   ഉണ്ട് ☐ ഇല്ല ☐

8. ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ
   a. Aadhaar No. :
   b. Bank A/c No. :
   c. Bank Name and Branch :
   d. IFSC Code :

9. താങ്കൾ താഴെപ്പറയുന്ന ഏതെങ്കിലും വിഭാഗത്തിൽ ഉൾപ്പെടുന്നയാളാണോ ?
   (ഉൾപ്പെടുന്നുവെങ്കിൽ ✓ മാർക്ക്ചെയ്യുക)

☐ മാതാപിതാക്കളിരുവരും ജീവിച്ചിരിപ്പില്ല.

☐ മാതാവ് അവിവാഹിത, വിധവ, അല്ലെങ്കിൽ നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ ആളാണ്.

☐ പിതാവ് മാത്രമേ ജീവിച്ചിരിക്കുന്നുള്ളൂ.

☐ മാതാപിതാക്കളിലാരെങ്കിലും ക്യാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ, കുഷ്ഠം, ക്ഷയം, എയിഡ്സ്, വൃക്ക സംബന്ധമായ രോഗങ്ങൾ, പക്ഷാഘാതം, മനോവിഭ്രാന്തി തുടങ്ങിയ ഏതെങ്കിലും വ്യാധികളാൽ ദുരിതമനുഭവിക്കുന്നു.

☐ മാതാപിതാക്കളിലൊരാൾ അല്ലെങ്കിൽ രണ്ടുപേരും ശാരീരിക വൈകല്യമുള്ളവരാണ്. (സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കുക).

☐ മാതാപിതാക്കൾ ഭൂരഹിതർ അല്ലെങ്കിൽ ഭവനരഹിതരാണ്.

10. താങ്കളുടെ മാതാപിതാക്കളിൽ ആരെങ്കിലും താഴെപ്പറയുന്ന ഏതെങ്കിലും മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണോ ?

☐ കയർ ☐ കശുവണ്ടി ☐ ബീഡി ☐ കൈത്തറി

☐ മൺകല നിർമ്മാണം

11. താങ്കൾക്ക് കേന്ദ്ര/സംസ്ഥാന ഗവൺമെൻറുകളുടെ ഏതെങ്കിലും സ്കോളർഷിപ്പ് ഇപ്പോൾ ലഭിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുക.

12. താങ്കൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നയാളാണോ ?

☐ അതെ ☐ അല്ല

(അതെ എന്നാണ് ഉത്തരമെങ്കിൽ ഏതുവിഭാഗം, ഉപവിഭാഗം എന്നു രേഖപ്പെടുത്തുക)

13. താങ്കൾ ഏതെങ്കിലും കായിക മത്സരങ്ങളിൽ ദേശീയ/സംസ്ഥാനതലത്തിൽ മത്സരിച്ച് വിജയിച്ചിട്ടുണ്ടോ?/പങ്കെടുത്തിട്ടുണ്ടോ?/ഉണ്ടെങ്കിൽ ഏതിനത്തിൽ ? (സർട്ടിഫിക്കറ്റുകളുടെ പകർപ്പ്ഹാജരാക്കുക)

14. വിജയിച്ചത്/പങ്കെടുത്തത് ഏത് തലത്തിൽ ?

സംസ്ഥാനതലം ☐ ദേശീയതലം ☐

15. നേട്ടത്തിന്റെ സ്വഭാവമെന്ത് ?

ഒന്നാംസ്ഥാനം ☐ രണ്ടാംസ്ഥാനം ☐ പങ്കാളിത്തം മാത്രം ☐

16. താങ്കൾ സംസ്ഥാനതല സ്കൂൾ യുവജനോത്സവത്തിൽ ഏതെങ്കിലും ഇനങ്ങൾക്ക് 'എ' ഗ്രേഡ് നേടിയിട്ടുണ്ടോ ?

ഉണ്ട് ☐ ഇല്ല ☐

(നേടിയിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഹാജരാക്കുക)

17. യുവജനോത്സവത്തിൽ പങ്കെടുത്ത വർഷവും സമ്മാനം നേടിയ ഇനവും രേഖപ്പെടുത്തുക.

18. താങ്കൾ ശാരീരിക വൈകല്യമുള്ളയാളാണോ ?

അതെ ☐ അല്ല ☐

(അതെയെന്നാണുത്തരമെങ്കില് വൈകല്യത്തിന്റെ സ്വഭാവവും ശതമാനവും വെളിപ്പെടുത്തുന്ന അംഗീകൃത മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കുക).

## പ്രതിജ്ഞാപത്രം

മുകളിൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്ന് ഞാന് പ്രതിജ്ഞ ചെയ്തുകൊള്ളുന്നു. ഈ വസ്തുതകൾ തെറ്റാണെന്നു തെളിയുന്ന പക്ഷം എന്റെ അപേക്ഷ അസാധുവാക്കപ്പെടുമെന്നും സ്കോളർഷിപ്പ് തുക മുഴുവന് തിരിച്ചടക്കേണ്ടി വരുമെന്നും എനിക്കറിവുള്ളതാണ്.

വിദ്യാർത്ഥിയുടെ ഒപ്പ്

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകളെല്ലാം എന്റെ അറിവിലും വിശ്വാസ ത്തിലും പരിപൂർണ്ണമായും ശരിയാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

രക്ഷകർത്താവിന്റെ ഒപ്പ്

## ക്ലാസ്സ് ടീച്ചറിന്റെ/ട്യൂട്ടറിന്റെ ശുപാർശ ഇവിടെ രേഖപ്പെടുത്തുക

അദ്ധ്യാപകൻറെ/അദ്ധ്യാപികയുടെ പേരും ഒപ്പും.

സ്ഥലം :

പ്രിൻസിപ്പലിന്റെ പേരും ഒപ്പും

തീയതി :